# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ: 0481-2733370


## വാർത്താക്കുറിപ്പ്

**2024 ജൂൺ 11**

---

## ടെക്നിക്കൽ അസിസ്റ്റന്റ് കരാർ നിയമനം

മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് കമ്പ്യൂട്ടർ സയൻസസിൽ സ്വയം മൾട്ടിമീഡിയ ലാബിൽ ഈഴവ/ബില്ലവ/തീയ്യ വിഭാഗത്തിന് സംവരണം ചെയ്ത ടെക്നിക്കൽ അസിസ്റ്റന്റിന്റെ ഒരു തസ്തികയിൽ കരാർ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു.

ഒരു വർഷത്തേക്കാണ് നിയമനം.കമ്പ്യൂട്ടർ സയൻസ്, കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ്, ഐടി എന്നിവയിൽ ഏതെങ്കിലും വിഷയത്തിൽ ബിരുദാനന്തര ബിരുദമോ തത്തുല്യ യോഗ്യതയോ ഉള്ളവരെയാണ് പരിഗണിക്കുന്നത്. അഡോബ് ക്രിയേറ്റീവ് ക്ലൗഡ് സോഫ്റ്റ് വെയറിൽ പ്രവൃത്തി പരിചയം ഉണ്ടായിരിക്കണം.

പ്രതിമാസ വേതനം സഞ്ചിത നിരക്കിൽ 30000 രൂപ. 2024 ജനുവരി ഒന്നിന് 36 വയസിൽ കവിയരുത്. സംവരണ വിഭാഗങ്ങളിൽ പെട്ടവർക്ക് പ്രായപരിധിയിൽ നിയമാനുസൃത ഇളവ് ലഭിക്കും. കൂടുതൽ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ(www.mgu.ac.in).

(പി.ആർ.ഒ/39/450/2024)

## പ്രാക്ടിക്കൽ

നാലം സെമസ്റ്റർ ബി വോക് റിന്യൂവബിൾ എനർജി മാനേജ്മെന്റ്, റിന്യൂവബിൾ എനർജി ടെക്നോളജി ആന്റ് മാനേജ്മെന്റ്(പുതിയ സ്കീം 2022 അഡ്മിഷൻ റഗുലർ, 2021 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2018 മുതൽ 2021 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ് മെയ് 2024) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ജൂൺ 29 മുതൽ ആലുവ ശ്രീശങ്കര കോളജിൽ നടത്തും.

...........................

മൂന്നാം സെമസ്റ്റർ എംഎസ്സി ബയോ മെഡിക്കൽ ഇൻസ്ട്രുമെന്റേഷൻ(2022 അഡ്മിഷൻ റഗുലർ, 2020, 2021 അഡ്മിഷനുകൾ സപ്ലിമെന്ററി, 2019 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2018 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്, 2017 അഡ്മിഷൻ അവസാന മെഴ്സി ചാൻസ് മെയ് 2024) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ ജൂൺ 15ന് ആരംഭിക്കും. ടൈം ടേബിൾ സർവകലാശാലാ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/451/2024)

## എം.ബി.എ അസിസ്റ്റന്റ് പ്രോഗ്രാം കോ-ഓർഡിനേറ്റർ; അപേക്ഷിക്കാം

മഹാത്മാ ഗാന്ധി സർവകലാശാലയിലെ സെന്റർ ഫോർ ഡിസ്റ്റൻസ് ആന്റ് ഓൺ ലൈൻ എജ്യുക്കേഷനിൽ(സിഡിഒഇ) എംബിഎ പ്രോഗ്രാമിന്റെ അസിസ്റ്റന്റ് പ്രോഗ്രാം കോ-ഓർഡിനേറ്റർ തസ്തികയിലെ ഒരു ഒഴിവിൽ താത്കാലിക നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. ഒരു വർഷത്തേക്കാണ് നിയമനം. പ്രവർത്തനം വിലയിരുത്തി മൂന്നു വർഷം വരെ ദീർഘിപ്പിച്ചേക്കാം.

കുറഞ്ഞത് അൻപതു ശതമാനം മാർക്കോടെ എംബിഎ വിജയിച്ചവരെയാണ് പരിഗണിക്കുന്നത്. യുജിസി-നെറ്റ് വിജയിച്ചിരിക്കണം. അല്ലെങ്കിൽ പിഎച്ച്ഡി യോഗ്യത ഉണ്ടായിരിക്കണം.

ഓൺലൈൻ അധ്യാപനം, കണ്ടന്റ് തയ്യാറാക്കൽ, ലേണിംഗ് മാനേജ്മെന്റ് സിസ്റ്റം, ഐസിടി എനേബിൾഡ് ടീച്ചിംഗ് ആന്റ് ലേണിംഗ് സിസ്റ്റം എന്നിവയിലുള്ള പ്രവൃത്തിപരിചയണം അഭികാമ്യം. പ്രതിമാസ വേതനം സഞ്ചിത നിരക്കിൽ 47000 രൂപ. പ്രായം 2024 ജനുവരി ഒന്നിന് 45 കവിയരുത്. കൂടുതൽ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.
(പി.ആർ.ഒ/39/452/2024)

## ലീഡ് ഡവലപ്പർ നിയമനം

മഹാത്മാ ഗാന്ധി സർവകലാശാലയിൽ ഡീഡ് ഡവലപ്പർ-ഫുൾ സ്റ്റാക്ക്(പൈത്തൺ) തസ്തികയിൽ താത്കാലിക കരാർ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ. ഫോൺ-0481 2733541
(പി.ആർ.ഒ/39/453/2024)

## സ്പെഷ്യൽ ടീച്ചർ; വാക്-ഇൻ-ഇന്റർവ്യൂ

മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസിനു കീഴിൽ പ്രവർത്തിക്കുന്ന വൊക്കേഷൽ റീഹാബിലിറ്റേഷൻ സെന്ററിൽ ദിവസ വേതനാടിസ്ഥാനത്തിൽ താത്കാലികമായി സ്പെഷ്യൽ ടീച്ചർ നിയമനത്തിനുള്ള വാക്-ഇൻ-ഇന്റർവ്യൂ ജൂൺ 13ന് രാവിലെ 10.30ന് നടക്കും. സ്പെഷ്യൽ എജ്യുക്കേഷനിൽ ബി.എഡ് യോഗ്യതയുള്ളവർക്ക് പങ്കെടുക്കാം. യോഗ്യതാ രേഖകളുടെ അസ്സൽ ഹാജരാക്കണം.

(പി.ആർ.ഒ/39/454/2024)

**പബ്ലിക് റിലേഷൻസ് ഓഫീസർ**